(ബി) ഉണ്ടെങ്കിൽ അപ്രകാരമുള്ള നിർദ്ദേശം അനുസരിക്കാതിരുന്ന വ്യവസായശാലകൾ ഉണ്ടെന്നു സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഇതേ സംബന്ധിച്ചു എന്തെങ്കിലും പരാതി തൊഴിലാളികളിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) അതിന്മേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസു വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) ഉണ്ടു്.

(ഡി) വേണ്ട നടപടികൾ എടുത്തു പരാതി തീർത്തിട്ടുണ്ടു്.

നിത്യോപയോഗസാധനങ്ങൾക്കുള്ള വിലക്കയറ്റം

*നമ്പർ. (൪൪) ശ്രീ. വി. കെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ക്ഷീരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ —

(എ) കൊറിയൻയുദ്ധം ആരംഭിച്ചതിനുശേഷം ഉണ്ടായിട്ടുള്ള നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റത്തെ തടയുവാൻ സർക്കാർ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് എന്തെല്ലാം;

(സി) നിത്യോപയോഗസാധനങ്ങൾക്കു വളരെ വില കൂടുതലാണെന്നു സർക്കാരിനു് ഏതെങ്കിലും പരാതികൾ ലഭിക്കുകയുണ്ടായിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഉണ്ടു്.

(ബി) പുതിയ സപ്ലൈസ് ആൻഡ് പ്രൈസസ് ഓർഡിനൻസ് അനുസരിച്ചുള്ള അധികാരങ്ങൾ ഇവിടത്തെ ഉദ്യോഗസ്ഥന്മാർക്കു് നൽകിയിട്ടുണ്ടു്.

(സി) ഉണ്ടു്.

ബസ്സപകടം

*നമ്പർ. (൪൬) ശ്രീ. വി. കെ. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈ൹൦ ജനുവരി തുടങ്ങി ജൂലായി ൩൧-ാംതീയതിവരെ സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലായി സർക്കാർ ഏജൻസികളും സർക്കാരും നടത്തുന്ന ബസ്സു്, ലോറി സർവ്വീസുകളിൽ എത്ര അപകടങ്ങൾ ഉണ്ടായിട്ടുണ്ടു്;

(ബി) ഇതിൽ എത്രയെണ്ണത്തിനു് അതിനുത്തരവാദപ്പെട്ടവരെ ശിക്ഷിച്ചിട്ടുണ്ടു്;

(സി) ഈ അപകടങ്ങൾക്കുള്ള കാരണം എന്തെന്നു സർക്കാർ അന്വേഷിച്ചിട്ടുണ്ടോ?

മരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പു മന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസു്):

(എ) സ്റ്റേറ്റു ട്രാൻസ്പോർട്ടിൽ ആകെ പതിനഞ്ചും, സർക്കാർ ഏജൻസികളും നടത്തുന്ന സർവ്വീസുകളിൽ ഒരുനൂറ്റി അൻപത്തഞ്ചും.

LIBRARY ARCHIVES Kerala Legislative Assembly